**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2559** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഭരണമികവ് സൂചികയിൽ കേരളം മുന്നിൽ എത്തിയതിൽ വ്യവസായ മേഖലയുടെ പങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഭരണമികവ് സൂചികയിൽ കേരളം മുന്നിൽ എത്തിയതിന് വ്യവസായ മേഖലയുടെ മികവ് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഭരണമികവ് സൂചികയിൽ കേരളം മുന്നിൽ എത്തിയതിന് കേരളത്തിലെ വ്യവസായ മേഖലയുടെ മികവ് കാരണമായിട്ടുണ്ട്. കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലെ മുന്നേറ്റം, ചരക്കു സേവന നികുതി പോർട്ടലിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, സ്റ്റാർട്ട്-അപ്പ് പരിസ്ഥിതി എന്നീ സൂചികകളിൽ കേരളത്തിനുണ്ടായ മികവാണ് ഭരണമികവ് സൂചികയിൽ ഒന്നാമതെത്തുന്നതിന് കേരളത്തെ സഹായിച്ചത്. |
| (ബി) | വ്യവസായ-വാണിജ്യ മേഖലയിലെ 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' സൂചികയിൽ ഉയർന്ന സ്കോർ നേടി ഒന്നാം സ്ഥാനത്ത് എത്താൻ കേരളത്തിന് സാധിച്ചതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഈ വിധം എല്ലാ അനുമതികളും പരമാവധി 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 22 വിവിധ വകുപ്പുകളുടെ 120-ഓളം അനുമതികളും ലൈസൻസുകളും ഈ സംവിധാനം വഴി സംരംഭകന് ലഭ്യമാകും. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പം തന്നെ നിലവിലുള്ളവയുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെസ്വിഫ്റ്റ് സജ്ജമാണ്.

ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നര വർഷംവരെ സംസ്ഥാനത്ത് ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് കൈപ്പറ്റ് സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും. പ്രസ്തുത നിയമത്തിന് കീഴിൽ നാളിതുവരെ 67705 സംരംഭങ്ങൾക്ക് കൈപ്പറ്റ് സാക്ഷ്യപത്രങ്ങൾ കെസ്വിഫ്റ്റിലൂടെ നല്കിയിട്ടുണ്ട്.

അതോടൊപ്പം, 2019-ലെ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ' നിയമത്തിൽ ഭേദഗതി വരുത്തി വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിനു വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോയും രൂപീകരിച്ചിട്ടുണ്ട്.

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി കെ-സിസ് എന്ന ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Kerala Centralised Inspection System) നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 4 വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്.

കൂടാതെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനും വേണ്ടി പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും മേൽപ്പറഞ്ഞ പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചത്.

സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപെട്ടിരുന്നു. ഇവ ഒഴിവാക്കാനും, മറ്റു ചില നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദേശിക്കാനും ഒരു എക്സ്റ്റേർണൽ കമ്മിറ്റി രൂപവത്ക്കരിച്ചിരുന്നു. വ്യവസായ സമൂഹവും വിവിധ വ്യവസായ അസ്സോസ്സിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും

സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും, കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ വിശദമായ റിപോർട്ട് പ്രസ്തുത കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം എക്സ്റ്റേർണൽ കമ്മിറ്റി ശിപാർശ ചെയ്ത മാർഗ്ഗനിർദേശങ്ങൾ പരിശോധിച്ച് നടപ്പിലാക്കാൻ അതതു വകുപ്പുകളിലേക്ക് പ്രത്യേകം പ്രത്യേകം റിപ്പോർട്ടുകൾ അയച്ചിട്ടുണ്ട്.

ഇവ കൂടാതെ, നിലവിലുള്ള സംരംഭങ്ങളുടെയും പുതുതലമുറാ മേഖലകളിലെ സംരംഭങ്ങളുടെയും ഉന്നമനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് പുതിയ വ്യവസായ നയം പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും, സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നു തരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ട് വയ്ക്കുന്നു. ഈ നയത്തിലൂടെ 22 മേഖലകളെ മുൻഗണനാ മേഖലകളാക്കുകയും, പ്രസ്തുത മേഖലകളിലെ സംരംഭങ്ങൾക്ക് 18 ഇൻസെന്റീവുകൾ പ്രഖ്യാപിക്കുകയും ചെയ്തു.

ഇതോടൊപ്പം അടിസ്ഥാന സൗകര്യ വികസനത്തിനായും ഈ സർക്കാർ നിരവധി പദ്ധതികളും, ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതികളും കൊണ്ടുവന്നിട്ടുണ്ട്. കെ.എസ്.ഐ.ഡി.സിയുടെയും കിൻഫ്രയുടെയും കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഏകീകൃത ലാൻഡ് അലോട്ട്മെന്റ് റൂൾ നിലവിൽ കൊണ്ടുവന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ പാർക്കുകൾക്കായി പുതിയ ലാൻഡ് അലോട്ട്മെന്റ് റൂൾ നിലവിൽ വന്നു. ഇതിലൂടെ സംരംഭകർ വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് നാളുകളായി നേരിട്ടുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സർക്കാരിന് കഴിഞ്ഞു. കൂടാതെ, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കായി 3 കോടി വരെ റീഇമ്പേഴ്സ്മെന്റ് വ്യവസ്ഥയിൽ സാമ്പത്തിക സഹായവും സർക്കാർ നൽകുന്നു. ഇതിന്റെ ഭാഗമായി ഇതുവരെ 31 എസ്റ്റേറ്റുകൾക്ക് ഡെവലപ്മെൻറ് പെർമിറ്റ് നൽകി. സംസ്ഥാനത്തെ ക്യാമ്പസുകളിൽ നിലവിലുള്ള അധിക ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനായി ക്യാമ്പസ് വ്യവസായ പാർക്കുകൾ തുടങ്ങുവാനുള്ള നയവും സർക്കാർ ആവിഷ്കരിച്ചു.

ഇപ്രകാരം സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കി മാറ്റുന്നതിനായി കൈക്കൊണ്ട നടപടികൾ ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. പ്രസ്തുത പരിഷ്കരണങ്ങളും നിയമനിർമ്മാണങ്ങളും നടപ്പിലാക്കിയതുവഴി, 22 വകുപ്പുകൾ/ഏജൻസികളിൽ, 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്ന കേന്ദ്ര സർക്കാരിന്റെ സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, ഒമ്പത് മേഖലകളിൽ ടോപ്പ് അച്ചീവർ പുരസ്കാരം സ്വന്തമാക്കാൻ കേരളത്തിന് സാധിച്ചു. പ്രസ്തുത പരിഷ്കരണ മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടുന്ന സംസ്ഥാനങ്ങളാണ് ഡി.പി.ഐ.ഐ.ടി ടോപ്പ് അച്ചീവർ വിഭാഗത്തിൽ ഉൾപ്പെടുത്തിയത്. രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്. തുടർന്നും തൽസ്ഥിതി നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ നിലവിൽ സ്വീകരിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ